# Digimodernist sensibility in Contemporary Fiction

**സമകാലീന നോവലിലെ ഡിജി മോഡേണിസ്റ്റ് ഭാവുകത്വം**

Santhosh H.K.

Abstract: The trend of digimodernism, which emerged with the development of digital technology at the beginning of the 21st century, is rooted in our culture. This essay explores the features of digimodernism, its sensibility and the changes it has created in the structure and narrative of the fiction in the contemporary context of the Malayalam novel.

KEYWORDS: Digimodernism, Post Post modernism, Fiction, Malayalam Fiction, Cyber discourse.

ആധുനികതയും അതിന്റെ തുടർച്ചകളുമായാണ് നമ്മുടെ വ്യവഹാര ചരിത്രം ചിട്ടപ്പെടുത്തിയിരിക്കുന്നത്. സാഹിത്യചരിത്രങ്ങളുടെ ഇത്തരം കാലഗണനയിൽ തുടക്കം എന്നെന്ന് പറയാം എന്നാൽ ഒടുക്കം എന്നൊന്നുണ്ടോ എന്നത് ഇത്തരം സാഹിത്യചരിത്ര നിർമിതികളുടെ ഒരു പൊതു പ്രശ്നമാണ്.

1400 ൽ ആധുനികതയുടെ തുടക്കം എന്നും 1910 45 ആധുനികതാവാദത്തിന്റെ ഘട്ടമെന്നും 1950 1995 കാലം ആധുനികാനന്തരതയുടേതെന്നുമുള്ള ഒരു ഘട്ടവിഭജനം പാശ്ചാത്യരീതിയുടെ ചുവടൊപ്പിച്ച് സ്വീകരിക്കപ്പെട്ടിട്ടുണ്ട്. മലയാള നോവലിന്റെ ഘട്ടങ്ങളെയും ഷാജി ജേക്കബ്ബിനെ പോലുള്ളവർ സമാനമായി കൊളോണിയൽ ആധുനികത (1850 1950), ദേശീയാധുനികത (1890 1950), ആധുനികതാവാദം (1950 1990), ആധുനികാനന്തരത (1990 ) എന്നിങ്ങനെ വിഭജിച്ച് വിശദീകരിക്കുന്നുണ്ട്. ആധുനികാനന്തരതയെ സാമൂഹികതയുടെ തിരിച്ചുവരവ്, ചരിത്രാത്മകത, ജനപ്രിയതയുടെ ആധുനികാനന്തര സ്വരൂപം, എഴുത്തിന്റെ സാങ്കേതികത എന്നിങ്ങനെയും കീഴാളതകളുടെയും പാർശ്വധാരകളുടെയും ചെറുതുകളുടെയും പാഠവല്ലരണവും ചരിത്രവല്ലരണവും, കഥാപാത്ര സങ്കല്പങ്ങളിലെ ഉടച്ചുവാർക്കലുകൾ, വീക്ഷണകോണിലെ പരീക്ഷണാത്മകത, സ്ഥലകാലങ്ങളുടെ കുഴമറിച്ചിൽ, കഥയിൽ നിന്നു ഭിന്നമായ ചരിത്രത്തിന്റെ നിർമ്മിതി, ശരീരത്തിന്റെ സൂക്ഷ്മരാഷ്ട്രീയം, ചരിത്രം നോവലാവുന്നു എന്നിങ്ങനെ പ്രമേയപരമായും യാഥാർത്ഥ്യത്തെ റദ്ദാക്കുന്ന വ്യാജചിഹ്നങ്ങളുടെ (simulations) സന്നിവേശം, വരേണ്യ ജനപ്രിയസംസ്കാരങ്ങളുടെ കലർപ്പ്, ഇതര ആഖ്യാനപാഠങ്ങളുടെയും ഗണങ്ങളുടെയും കൂടിക്കലരൽ, ഭാഷയുടെ അനന്തലീല, ഘടനാപര പരീക്ഷണം, കർതൃത്വത്തിന്റെയും ആധികാരികതയുടെയും പ്രശ്നവൽക്കരണം, ബഹുസ്വരത എന്നിങ്ങനെ ആഖ്യാനത്തെ മുൻനിർത്തിയും ( ഷാജി ജേക്കബ് 2014 ) വിശദീകരിക്കപ്പെട്ടിട്ടുണ്ട്.

നമ്മുടെ നോവൽ സാഹിത്യം ഇപ്പോഴും ആധുനികാനന്തരതയിൽ തുടരുകതന്നെയാണോ എന്നതാണ് ആദ്യം ചർച്ച ചെയ്യേണ്ട വിഷയം.

**സാഹിത്യപഠനത്തിന്റെ ആത്മഹത്യാമുനമ്പ്**

(മാർക്ക് ബൊർലെയിൻ) Mark Bauerlein. *Literary Criticism: An Autopsy.*(1997) എന്ന പുസ്തകത്തിൽ സമകാല അമേരിക്കൻ സാഹിത്യപഠനവകുപ്പുകൾ ആത്മഹത്യാമുനമ്പിലാണെന്ന് ആരോപിക്കുന്നുണ്ട് 'disciplinary suicide എന്നാണ പറയേണ്ടത്. നമ്മൾ ഇതുവർ മരിച്ചിട്ടില്ല എന്നാൽ മരണാസന്നരായിരിക്കുന്നു.' സാഹിത്യപഠനത്തിലെ കൾച്ചറൽ ടേൺ വരുത്തിയ ഫോക്കസ്സില്ലായ്മയും രീതിശാസ്ത്രപരമായ അവ്യവസ്ഥിതത്വവുമാണ് ഈ മരണത്തിനുകാരണമെന്ന് അദ്ദേഹം കുറ്റപ്പെടുത്തുന്നു.

പ്രതിനിധാനപരമായ വിമർശം (Representational criticism) സാഹീതീയമായ ഊന്നൽ നശിപ്പിച്ചു. ഏതുസാഹിത്യകൃതിക്കകത്തും സാമൂഹ്യസാംസ്കാരികചരിത്രപശ്ചാത്തലങ്ങളെ ഉപജീവിച്ചുനടത്തുന്ന നടത്തുന്ന രാഷ്ട്രീയപ്രത്യയശാസ്ത്രനിർധാരണവും പൊളിറ്റിക്കൽ കറക്റ്റ്നെസ്സ് സംബന്ധിച്ച അന്വേഷണവും വിമർശനത്തെ സങ്കുചിതമാക്കി. മാത്രമല്ല രീതിശാസ്ത്രപരമായ കൃത്യതയും അവബോധത്തിലെ ക്ലാരിറ്റിയും ഇല്ലാതാക്കി. അന്തർവൈജ്ഞാനികസമീപനം എന്നപേരിൽ സംഭവിച്ചത് വ്യത്യസ്ത ജ്ഞാനവ്യവഹാരങ്ങളുടെ അവ്യവസ്ഥിത സങ്കലനംആണ്. സാമ്പ്രദായിക വിഷയനിഷ്ഠതയും ഡിസിപ്ലിനറി മാനകങ്ങളും തകിടം മറിഞ്ഞു എന്നിങ്ങനെ പോകുന്നു അദ്ദേഹത്തിന്റെ വിമർശനങ്ങൾ.

വിവിധ സാമൂഹ്യമാനവികവിഷയങ്ങളിൽ സവിശേഷ പ്രാഗത്ഭ്യമോ പരിശീലനമോ ഇല്ലാതെയാണ് ഈ വക ജ്ഞാനമണ്ഡലങ്ങളിലെ സങ്കല്പങ്ങളെയും സമീപനങ്ങളെയും ഉപയോഗിക്കുന്നത് എന്നതാണ മറ്റൊരു പ്രശ്നം. സാഹിത്യത്തിനാവശ്യം കൂടുതൽ പ്രായോജികവും സാഹിതീയവുമായ വിമർശപദ്ധതികളാണെന്ന് അദ്ദേഹം പറയുന്നു.

**സാഹിത്യത്തിന്റെ മുൻപന്തി നഷ്ടപ്പെടുന്നു.**

സാഹിത്യത്തിന്റെ പ്രാമാണ്യം ഇല്ലാതായി ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലുണ്ടായ ലിംഗ്വിസ്റ്റിക് ടേണിന്റെ അവസാനം. ആധുനികാനന്തരതയിൽ സാഹിത്യമായിരുന്നു രാജാവ്. പാഠത്തിനപ്പുറം ഒന്നുമില്ല എന്ന കാഴ്ചപ്പാട്, സാഹിത്യപാഠവിശകലനത്തിൽ ഊന്നൽ. സകല വൈജ്ഞാനികതയിൽനിന്നുമുള്ള സൈദ്ധാന്തികസങ്കല്പങ്ങൾ സാഹിത്യപാഠത്തിനുമേൽ പ്രയോഗിക്കുന്ന രീതി. അതോടൊപ്പം സാഹിത്യപാഠവിശകലനത്തിൽ നിന്ന് സാമൂഹ്യ സാംസ്കാരികസിദ്ധാന്തങ്ങൾ രൂപപ്പെടുത്തുന്ന രീതിയും. വെബ് യൂസേഴ്സ് ആയി മാറിയതോടെ വായനക്കാരൻ ഇല്ലാതാവുകയും സ്കാനേഴ്സോ ബ്രൗസേഴ്സോ ആയി മാറുകയും ചെയ്തു എന്ന അവസ്ഥ. നീൽസൻ നോർമൽ ഗ്രൂപ്പ് നടത്തിയ ഒരു പഠനത്തിൽ 79 ശതമാനം ആളുകളും വെറും സ്കാനേഴ്സ് മാത്രമാണെന്നും 16 ശതമാനം പേർ മാത്രമേ പദാനുപദ വായന നടത്തുന്നുള്ളൂ എന്നും കണ്ടെത്തുകയുണ്ടായി. (1997) ബിഗ്ഡാറ്റയിൽ സന്നിവേശിപ്പിക്കപ്പെടുന്ന ഏത് എഴുത്തും ലിറ്ററേച്ചർ ആയി മാറിയതോടെ എഴുത്തിന്റെ വിശുദ്ധപദവി ഇല്ലാതായി.

**സിദ്ധാന്തങ്ങളുടെ മരണം.**

നമ്മുടെ സർവകലാശാലകളിൽ സിദ്ധാന്തം മരിച്ചു എന്നത് ബൊർലിയിന്റെ ഒരു ആർഗ്യുമെന്റായിരുന്നു ( October 2005 the Times Higher Educational Supplement ൽ അദ്ദേഹം എഴുതിയ കുറിപ്പ് ) ഇതിനോട് മികച്ച് 64 ഇംഗ്ലീഷ് ഡിപ്പാർട്മെന്റുകളിൽനിന്ന് ലഭിച്ച പ്രതികരണത്തിൽ 44 ശതമാനവും സാഹിത്യസിദ്ധാന്തങ്ങൾക്ക് സ്വാധീനം ഇല്ലാതാവുന്നു എന്നതിനൊപ്പമായിരുന്നു. തൊണ്ണൂറുകളിൽ പതിയെ ആരംഭിച്ച നമ്മുടെ നവസിദ്ധാന്തവിചാരങ്ങൾ തൊണ്ണൂറുകൾക്കൊടുവിലാണ് മൂർധന്യത്തിലെത്തി ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽതന്നെ നിശ്ചലമായി. പിന്നീട് സാഹിത്യസിദ്ധാന്തവിചാരത്തിലോ സാഹിത്യവിമർശനത്തിൽ പോലുമോ കാര്യമായ ചലനങ്ങളുണ്ടായിട്ടില്ല എന്നുകാണാം. കീഴാളപഠനങ്ങളുടെ മേഖല മാത്രമാണ് കുറേക്കൂടി സജീവമായി നിന്നത്.

**സിദ്ധാന്താനന്തരലോകം**

സിദ്ധാന്തങ്ങൾക്കു ശേഷമുള്ള ലോകത്തെക്കുറിച്ച് ഇതിനകം വിവിധസംസ്കാര മണ്ഡലങ്ങളിൽ ധാരാളം സാഹിത്യസിദ്ധാന്തങ്ങൾ 1995 നുശേഷം പ്രത്യേകിച്ചുമുണ്ടായി പോസ്റ്റ് പോസ്റ്റ് മോഡേണിസത്തിന്റെ ആദ്യഘട്ടമായി ഇതിനെ കാണാം. പോസ്റ്റ് തിയറി: റീ കൺസ്ട്രക്റ്റിങ്ങ് ഫിലിം സ്റ്റഡീസ്, ബിയോണ്ട് പോസ്റ്റ് സ്ട്രക്ച്ചറലിസം, പോസ്റ്റ് തിയറി ന്യു ഡയറക്ഷൻസ് ഇൻ ക്രിട്ടിസിസം,, റീഡിങ്ങ് ആഫ്റ്റർ തിയറി, ആഫ്റ്റർ തിയറി, ലൈഫ് ആഫ്റ്റർ തിയറി, പോസ്റ്റ് തിയറി കൾച്ചർ ക്രിട്ടിസിസം, കീസ്ലോവ്സ്കി ബിറ്റ്വീൻ തിയറി ആന്റ് പോസ്റ്റ് തിയറി, ആഫ്റ്റർ പോസ്റ്റ് സ്ട്രക്ച്ചറലിസം തുടങ്ങി അസംഖ്യം കൃതികൾ സിദ്ധാന്താനന്തരലോകത്തെ സിദ്ധാന്തവത്കരിക്കുന്നതായുണ്ട്. Post Theory: Reconstructing Film Studies (1996), edited by David Bordwell and Noël Carroll; Beyond Poststructuralism: The Speculations of Theory and the Experience of Reading (1996), edited by Wendell V. Harris; Post Theory: New Directions in Criticism (1999), edited by Martin McQuillan, Graeme Macdonald, Robin Purves, and Stephen Thomson; Reading after Theory (2002) by Valentine Cunningham; After Theory (2003) by Terry Eagleton; Life after Theory (2003), a collection of conversations with Jacques Derrida, Frank Kermode, Christopher Norris, and Toril Moi edited by Michael Payne and John Schad; Post Theory, Culture, Criticism (2004), edited by Ivan Callus and Stefan Herbrechter. The Fright of Real Tears by Slavoj Žižek, Krzysztof Kieślowski between Theory and Post Theory (2001) by Slavoj Žižek After Poststructuralism by Colin Davis (2004) തുടങ്ങിയവ ചിലതുമാത്രം.

"സിദ്ധാന്തം മരിച്ചു എന്ന് നമ്മോട് പറഞ്ഞിരിക്കുന്നു. സമീപകാലത്ത് പത്രമാസികകൾ അത്യധിക ആഹ്ലാദത്തോടെ സിദ്ധാന്തത്തിന്റെ മരണം പരസ്യപ്പെടുത്തിയിരിക്കുന്നു. അക്കാദമിക് പ്രസിദ്ധീകരണങ്ങളും ആ കോറസ്സിൽ പങ്കുചേരുന്നു.." എന്നാണ് ജോനാഥൻ കള്ളർ പറയുന്നത്. (Jonathan Culler, The Literary in Theory. Stanford: Stanford University Press, 2007, p. 1.)

ടെറി ഈഗിൾട്ടൺ ആഫ്റ്റർ തിയറിയിൽ പറയുന്നതുപോലെ സിദ്ധാന്തം മരിച്ചുവോ എന്നതല്ല സിദ്ധാന്തങ്ങളുടെ കനത്ത വാട്ടർമാർക്ക് ഇല്ലാതായിരിക്കുന്നു എന്നതാണുകാര്യം. അതിനർത്ഥം ആരെങ്കിലും സിദ്ധാന്തപൂർവ്വഘട്ടത്തിലേക്കു തിരിച്ചുപോകുന്നു എന്നല്ല. ഈ സിദ്ധാന്തങ്ങളുടെ സംവാദസ്ഥലങ്ങളെപറ്റി പഠിതാക്കൾക്ക് ബോധ്യമുണ്ട്. എന്നാലത് സംബന്ധിച്ച കടും പിടുത്തങ്ങളോ നിഷ്ഠകളോ പുലർത്തുന്നില്ല എന്നുമാത്രമേയുള്ളൂ. സിദ്ധാന്തങ്ങൾ ചോദ്യങ്ങൾ ഉന്നയിക്കുന്നതിനുപയോഗിക്കുന്നു, വായിക്കേണ്ടത് എന്തെന്നും എങ്ങനെയെന്നും വിധിക്കുന്നില്ല. പാഠത്തെ സമീപിക്കുന്നതിനുള്ള ഒരു ഉപകരണം മാത്രമായി അതിന്റെ അധികാരം ശോഷിച്ചിരിക്കുന്നു എന്നുപറയാം. Structuralism, Marxism, post structuralism തുടങ്ങിയ ഉന്നതസിദ്ധാന്തങ്ങൾ ഇന്നത്തെ സെക്സി ടോപ്പിക്കല്ല എന്നു ചുരുക്കം.

**മാധ്യമസാങ്കേതികതയിലെ മാറ്റം.**

സാങ്കേതികത സൃഷ്ടിച്ച നവവ്യവഹാരലോകത്തിലെ പ്രതലസംബന്ധിയായ ചില പ്രശ്നങ്ങൾ കൂടി പരിഗണിക്കേണ്ടതുണ്ട്. മാധ്യമങ്ങളിൽ മൾട്ടിമീഡിയയുടെ കടന്നുവരവ്, വ്യത്യസ്ത ഉപകരണയുക്തികൾക്കനുസരിച്ച് ലേ ഔട്ട് മാറുന്നത്, ഹൈബ്രിഡ് മീഡിയ, മീഡിയാ കണ്വെർജൻസ് തുടങ്ങിയവ പുതിയ മാധ്യമപരതലങ്ങളുടെ സവിശേഷതയാണെങ്കിൽ ചിതറൽ സ്വത്വം, ദ്രവകർതൃത്വം, കർതൃലീലകൾ, സൈബോർഗുകളും മനുഷ്യരും സൈബോട്ടുകളും ഇടകലരുന്നത്, പാഠത്തിൽ ഹൈപ്പർ ടെക്സ്റ്റ്വാലിറ്റി. ടെക്സ്റ്റ്വൽ ഫ്ലൂയിഡിറ്റി എന്നിവയിലേക്കുള്ള മാറ്റം,

നെറ്റ് വർക്ക്ഡ് പബ്ലിക്ക് എന്ന ആഗോളപൊതുമണ്ഡലത്തിന്റെ രൂപീകരണം ഇവയൊക്കെ അതിൽ ചിലതുമാത്രം.

**സത്യാനന്തരത**

'വസ്തുനിഷ്ഠ യാഥാർത്ഥ്യം അഥവാ സത്യം പൊതുസമൂഹത്തിന്റെ അഭിപ്രായ രൂപീകരണത്തിൽ വ്യക്തിവിശ്വാസങ്ങളെയും വൈകാരികതയെയും അപേക്ഷിച്ച് അപ്രസക്തമാവുന്ന സാഹചര്യം' എന്നു നിർവചിക്കപ്പെടാവുന്ന പോസ്റ്റ് ട്രൂത്ത് എന്ന പദത്തെ ഓക്സ്ഫോർഡ് നിഘണ്ടു 2016 ലെ വേഡ് ഓഫ് ദി ഇയർ ആയി തെരഞ്ഞെടുക്കുകയുണ്ടായല്ലോ. പോസ്റ്റ് വാർ എന്ന രീതിയിൽ യുദ്ധത്തിനുശേഷം സത്യത്തിനുശേഷം എന്ന അർത്ഥത്തിലല്ല ഇതിലെ പോസ്റ്റ് പ്രവർത്തിക്കുന്നത്. "മറിച്ച് ഒരു സങ്കല്പനം അപ്രസക്തമോ അപ്രധാനമോ ആയ കാലം എന്ന അർത്ഥത്തിലാണ് പോസ്റ്റ് ട്രൂത്ത് എന്ന പ്രയോഗമുള്ളതെന്ന് പറയുകയുണ്ടായി.." സത്യം എന്തെന്നത് അപ്രധാനമായിത്തീരുന്ന കാലം എന്നർത്ഥം.

പോസ്റ്റ് മാർക്സിസ്റ്റ് ചിന്താപദ്ധതിയും ഈ കാലയളവിൽ പ്രതിസന്ധിനേരിട്ടു. അറുപതുകളിൽ മാർക്സിസത്തിന്റെ ക്രിട്ടീക്കായി വികസിച്ച് ബൃഹദ് ആഖ്യാനങ്ങളെയും സാർവലൗകികതയെഉമൊക്കെ തള്ളിപറഞ്ഞ് സവിശേഷത്തിലും പ്രാദേശികതയിലും ഊന്നിയ സിദ്ധാന്തസമീപനങ്ങളായിരുന്നവല്ലോ ആധുനികാനന്തരതയിലെ പോസ്റ്റ് മാർക്സിസ്റ്റ് രീതി. രാഷ്ട്രീയ വലത് പ്രബലമായി ആഗോളതലത്തിൽ

പ്രവർത്തിക്കുകയും പോസ്റ്റ് മോഡേൺ ഇടത് ലോക്കലായി ചിന്തിക്കുകയും ചെയ്യുന്ന വൈരുദ്ധ്യം പുതിയ നൂറ്റാണ്ടിൽ കൂടുതൽ പ്രകടമായി എന്ന് ടെറി ഈഗിൾട്ടൺ പറയുന്നുണ്ട്.

പെർഫോമിറ്റി, ഹൈപ്പർ മോഡേണിറ്റി, സൂപ്പർ മോഡേണിറ്റി തുടങ്ങി നിരവധി ആന്റീപോസ്റ്റ് മോഡേൺ ആശയസംഹിതകളും ഇക്കാലയളവിൽ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഡിജിറ്റൽ വ്യവഹാരമണ്ഡലത്തിൽ രൂപപ്പെട്ട ഒരു പുതിയ അവസ്ഥയായി വേണം ഡിജി മോഡേണിസത്തെ മനസിലാക്കാൻ.

**എന്താണ് ഡിജി മോഡേണിസം?**

തൊണ്ണൂറുകളുടെ മധ്യത്തിലാണ് ഡിജിമോഡേണിസം എന്ന സാസ്കാരികാവസ്ഥയും സം പ്രത്യയവും ഉടലെടുക്കുന്നത്. പുതിയ സാങ്കേതികതയും നവമാധ്യമങ്ങളും ചേർന്ന സാമൂഹ്യാവസ്ഥയാണ് ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ഒരു സാംസ്കാരിക ആശയാവലിയായി പോസ്റ്റ്മോഡേണിസത്തെ പിന്തള്ളി പ്രബലമാകുന്നത് പോസ്റ്റ് പോസ്റ്റ് മോഡേണിസം ( ടോം ടർണർ) , മെറ്റാമോഡേണിസം (ലിന്റാ ഹച്ചൻ) തുടങ്ങി പല പരികല്പനകളും ഇതിനകം ഉണ്ടായിട്ടുണ്ട്. പോസ്റ്റ് മോഡേണിസത്തിനെതിരായ ആന്റീ പോസ്റ്റ് മോഡേൺ മൂവ്മെന്റുകളും അതിനുമുന്നേ സംഭവിച്ചിട്ടുണ്ട്. എന്നാൽ ഡിജിമോഡേണിസം ഈ വക സമീപനങ്ങളിൽനിന്ന് അല്പം വ്യത്യസ്തമാണ്.

എല്ലാം ബിഗ് ഡാറ്റയിലേക്ക് സന്നിവിശേക്കിപ്പടുന്ന ഡിജിറ്റൽ ഹ്യൂമാനിറ്റീസിന്റെ ഒരു കാലത്താണ് ഡിജിമോഡേണിസം എന്ന പ്രതിഭാസമുണ്ടാവുന്നത്. ബിഗ്ഗ് ഡാറ്റ അൽഗോരിതങ്ങൾ, ഗൂഗിൾ സെർച്ച് എഞ്ചിനുകൾ ഡിജിറ്റൽ ആർക്കൈവുകൾ, റിയൽ ടൈം സ്ട്രീമുകൾ സോഷ്യൽ നെറ്റ് വർക്കുകൾ ഇവയുടെ കാലത്ത്സംസ്കാരം സമൂഹം അവയുടെ വ്യവഹാരസ്വഭാവം എല്ലാം വിപുലമായ മാറ്റങ്ങൾക്ക് വിധേയമായി. അച്ചടിപാഠങ്ങളെ കേന്ദ്രീകരിച്ചുള്ള സാമ്പ്രദായിക ഹ്യൂമാനിറ്റീസ് സാഹിത്യ സമീപനങ്ങൾകൊണ്ട് പുതിയ സംസ്കാരത്തെ സാഹിത്യവ്യവഹാരങ്ങളെ പഠിക്കാനാവില്ല.

ഡിജിമോഡേണിസ്റ്റിന്റെ പ്രധാനമായ ഊന്നൽ ഡിജിറ്റൈസേഷൻ സാഹിത്യത്തിന്റെ പാഠപരതയിൽ സൃഷ്ടിച്ച മാറ്റങ്ങളിലാണ്. സദാഗതിയായ (onwardness),, ക്ഷണഭംഗുരത്വമുള്ള (evanescence ) ക്രമികഘടനയില്ലാത്ത (haphazardness) അജ്ഞാതകവും (anonymous), സാമൂഹികവും social ബഹുരൂപിയുമായ (multiple) കർതൃത്വമുള്ള പാഠമാണ് കമ്പ്യൂട്ടറൈസേഷൻ സൃഷ്ടിച്ചത്. പ്രകടിത യാഥാർത്ഥ്യം ( apparent reality) , ശിശുത്വം (infantilism), ആത്മാർത്ഥത(earnestness) അന്ത്യമില്ലായ്മ (endlessness) തുടങ്ങിയ ഡിജിമോഡേണിസ്റ്റ് സവിശേഷതകളെ സൃഷ്ടിച്ചത് ഈ പുതു പാഠപരതയാണ്. ഡിജിമോഡേണിസത്തിന്റെ യഥാർത്ഥസ്വഭാവം വായനക്കാരന് അല്ലെങ്കിൽ ഉപയോക്താവിന് പാഠത്തിൽ നേരിട്ട് ഭൗതികമായിത്തന്നെ ഇടപെടാൻ കഴിയുന്നു എന്നതാണ്. അയാൾക്ക് പാഠങ്ങളെ വികസിപ്പിക്കാനോ ആഖ്യാനത്തിൽ കൂട്ടിചേർക്കലുകൾ നടത്താനോ ആവുന്നു. ഓഥറും റീഡറും ചേർന്ന ഒരു പുതുകർതൃത്വം സാധ്യമാക്കുന്നു. ( Wreader) ഹൈപ്പർ ടെക്സ്റ്റ് ഫിക്ഷനിൽ ഇടപെടുന്ന വായനക്കാരനെ ഉദ്ദേശിച്ച് ജോർജ്ജ് ലാന്റോ ആണ് ഈ പദം കോയിൻ ചെയ്തത്.

ഡിജിറ്റൽ മോഡേണിസത്തിന്റെ ചുരുക്കിക്കെട്ടാണ് ഡിജിമോഡേണിസം എന്ന സംജ്ഞ. ഡിജിറ്റൽ സാങ്കേതികതയും പാഠപരതയും സംഗമസ്ഥാനമാണത്. കീബോഡിങ്ങും ക്ലിക്കുകളും അമർത്തലുകളും കൊണ്ട് നിർമ്മിക്കുന്ന കലക്റ്റീവ് പാഠവിപുലനമാണവിടെ സംഭവിക്കുന്നത്.

ഡിജി മോഡേണിസം പോസ്റ്റ് മോഡേണിസത്തിന്റെ പിന്തുടർച്ചയാണ്. ആന്റീ പോസ്റ്റ് മോഡേണിസമല്ല. ആദ്യഘട്ടത്തിൽ അത് ക്ഷീണിതാവസ്ഥയിലുള്ള പോസ്റ്റ് മോഡേണിസത്തിനൊപ്പം സഹവർത്തിച്ചിട്ടുണ്ട്. രണ്ടിന്റെയും മിശ്രണം ഹാരിപോട്ടർ പോലുള്ള  പല കൃതികളിലും കാണാം. ബോർഡർലൈനിലാണ് പലതിന്റെയും നില.

ഡിജിമോഡേണിസ്റ്റ് ആദിഘട്ടം എന്നുവിളിക്കാവുന്ന ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദിദശകം പോസ്റ്റ് മോഡേണിസ്റ്റ് ആശയങ്ങൾ ഏറെ സ്വാധീനിക്കപ്പെട്ടതായിരുന്ന ഉദാഹരണത്തിന് കൂടുതൽ ശബ്ദങ്ങൾ എന്ന പോസ്റ്റ് മോഡേൺ ആശയത്തിലധിഷ്ഠിതമായിരുന്ന വെബ് 2.0 പാരസ്പര്യമുള്ളതും, സഹപ്രവർത്തനത്തിലൂടെ പ്രവർത്തിപ്പിക്കാവുന്നതുമായ വെബ്സൈറ്റിന്റെ പുതിയ രൂപമാണ് വെബ് 2.0 സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകൾ, ബ്ലോഗുകൾ, വിക്കികൾ, വീഡിയോ ഹോസ്റ്റിങ്ങ് സർവീസുകൾ ഇവയൊക്കെ വെബ് 2.0 ഗണത്തിൽപെടും.

ആദ്യകാല ഡിജി മോഡേണിസ്റ്റ് സമീപനത്തിൽ കാണുന്ന പോസ്റ്റ് മോഡേണിസത്തിന്റെ സ്വാധീനം ശുദ്ധീകരിക്കപ്പെടേണ്ട മാലിന്യമായി കാണുന്നവരുമുണ്ട് ഡിജിമോഡേണിസം പോസ്റ്റ് മോഡേണിസത്തിനെതിരായ റിയാക്ഷനാണെന്നും അതല്ല ചരിത്രപരമായി അയല്പക്കസ്ഥാനമുള്ള ഒരേ സസ്കാരരൂപങ്ങളിൽ ആവിഷ്കരിക്കപ്പെട്ടതാണ് രണ്ടുമെന്നും  പോസ്റ്റ് മോഡേണിസത്തിന്റെ ലോജിക്കൽ ഇഫക്റ്റാണെന്നും വ്യത്യസ്തവാദങ്ങളുണ്ട്. രണ്ടിന്റെയും പരസ്പര ബന്ധം സങ്കീർണമാണെന്നുപറയാം.

മറ്റൊരു വീക്ഷണത്തിൽ പോസ്റ്റ് മൊഡേണിസം അവസാനിച്ചു എന്ന ആർഗ്യുമെന്റ് ഒരർത്ഥത്തിൽ അബദ്ധവുമാണ്. ഏതെങ്കിലും സാമൂഹ്യാവസ്ഥകളോ സാംസ്കാരികപ്രവണതകളോ ഭാവുകത്വവ്യവസ്ഥയോ ഒരു കൃത്യം തീയതിയിൽ അമ്പേ കാലഹരണപ്പെട്ടുപോകുന്നതല്ല. അത് ഭാഗികപ്രവണതകളായോ ജഡാവസ്ഥയിലോ തുടർന്നുപോരും. സമകാലികാവസ്ഥകളെ വിശദീകരിക്കാൻ പൂർണമായും പരാജയപ്പെടുമ്പോഴാണവ അപ്രസക്തമാവുന്നത്. 1950 തൊട്ട് 2000 വരെ പറയാവുന്ന ഒരു അരനൂറ്റാണ്ടിന്റെ സാമാന്യം നീണ്ട ജീവിതകാലം പോസ്റ്റ് മോഡേണിസത്തിനുണ്ട്. തൊട്ടുമുമ്പത്തെ മോഡേണിസത്തേക്കാൾ റിയലിസത്തേക്കാൾ ദീർഘായുസ്സുണ്ടായ ടിയാന്റെ വാർധക്യസഹജമായ സ്വാഭാവികാന്ത്യമായികണ്ടാലും കുഴപ്പമില്ല.

ഒരു ഡിജി മോഡേണിസ്റ്റ് ലാന്റ്സ്കേയ്പ്പിൽ പോസ്റ്റ് മോഡേൺ അവസ്ഥകൾ തുടരുന്നു എന്നു പറയുകയാണ് അഭികാമ്യം, ആധുനികാനന്തരത ഒരു പ്രബല സാംസ്കാരികവ്യവസ്ഥയായി നിലനിൽക്കുന്നില്ല എന്നു ചുരുക്കം. ഈ ആശയം ഡിജിമോഡേൺ/പോസ്റ്റ് മോഡേൺ ആഖ്യാനപാഠത്തെ ചർച്ച ചെയ്യുമ്പോൾ കൂടുതൽ വിപുലീകരിക്കാം.

പോസ്റ്റ് മൊഡേൺ ചിൽഡ്രൻസിനിമകൾ.. ടോയ് സ്റ്റോറി,  ഫൈൻഡിങ്ങ് നിമോ,  ദി റോങ്ങ് ട്രൗസേഴ്സ്, ചിക്കൻ റൺ, ഷ്രെക്ക് എന്നിവയിലൂടെ വികസിച്ച്ഡിജിമോഡേൺ ആഖ്യാനത്തിലേക്ക് വികസിക്കുന്നത്

അലൻ കിർബി വിശദീകരിക്കുന്നുണ്ട്. പോസ്റ്റ് മോഡേണിസത്തിനും ഡിജിമോഡേണിസത്തിനുമിടയിൽ ഇത്തരം അന്തരാളസ്ഥലങ്ങൾ ധാരാളം കാണാം. ഡിജിമോഡേണീസത്തിന്റെ പ്രാഗ്രൂപങ്ങളായി ഇവയെ കണക്കാക്കുന്നതാവും ശരി.

പോസ്റ്റ് മോഡേൺ സിനിമയ്ക്കകത്തുണ്ടായ ഒരു കലാപം എന്ന നിലയിൽ ഡോഗ്മെ 95 എന്ന മൂവ്മെന്റ് പോസ്റ്റ് മോഡേണിസത്തെ കുത്തിമലർത്തി സിനിമയിലെ മോഡേണിസത്തിന്റെയും റിയാലിറ്റിയുടെയും തിരിച്ചുവരവ് ലക്ഷ്യം വെച്ചായിരുന്നു. ഒരു തരം കട്ടറിയലിസം കട്ടലോക്കൽ പടങ്ങളായി നമ്മുടെ ന്യൂജെൻ സിനിമയിലും ഒരു സക്സസ്സ് ഫുൾ ട്രീറ്റ്മെന്റായി നിലനിൽക്കുന്നു.

കട്ടലോക്കൽ പടങ്ങളുടെ നിർമ്മാണം, യൂട്യൂബ് സിനിമകൾ തുടങ്ങിയവ വഴി പോസ്റ്റ് മോഡേണിസത്തെ മറികടക്കാനുള്ള ശ്രമങ്ങൾ ഈ കാലയളവിലുണ്ടായി. സാങ്കേതികതയുടെ വികാസഫലമായി സിനിമാനിർമ്മാണം സാധാരണക്കാരനിലേക്കെത്തുകയും കൂടുതൽ പരീക്ഷണാത്മകമാവുകയും സിനിമയ്ക്കകത്തെ ജനാധിപത്യവത്കരണം സാധ്യമാവുകയും ചെയ്യുന്ന എന്നതായിരുന്നു ഡോഗ്മെ 95 ന്റെ പരിപ്രേക്ഷ്യം.

ഡോഗ്മെ 95 ൽ നിന്ന് പ്രചോദനമുൾക്കൊണ്ടുകൊണ്ടു കഥയെഴുത്തിൽ 2000 ത്തിൽ ഉണ്ടായ All Hail the New Puritans മറ്റൊരു മൂവ്മെന്റാണ്. ഈ കഥാസമാഹാരത്തിൽ (edited by Nicholas Blincoe and Matt Thorne) പത്തു കല്പനകളെ മുൻ നിർത്തി എഴുതപ്പെട്ട കഥകളാണുള്ളത്. 1. ഞങ്ങൾ പ്രാഥമികമായി കഥപറച്ചിലുകാരാണ്. ആഖ്യാനരൂപത്തിലാണ് ഞങ്ങളുടെ ശ്രദ്ധ 2. ഞങ്ങൾ ഗദ്യമെഴുതുന്നു. ആവിഷ്കാരത്തിന്റെ ഏറ്റവും പ്രബലരൂപം ഗദ്യമാണ്. ഗദ്യത്തിൽനിന്ന് അതുകൊണ്ടുതന്നെ ഞങ്ങൾ കവിത ചോർത്തിക്കളയുന്നു. 4. ഫിക്ഷൻ എന്ന ജനുസ്സിനെ മാനിക്കുമ്പൊഴും അതിന്റെ എല്ലാകാല സ്വഭാവനിഷ്ഠകളെയും കീറിമുറിക്കുകയും പുതിയ സാധ്യതകൾ തുറക്കുകയും ചെയ്യും. 5. ഞങ്ങൾ ലളിതപാഠത്തിൽ വിശ്വസിക്കുന്നു. 5. ആഖ്യാന വ്യക്തതക്കുവേണ്ടി താത്കാലികമായ രേഖീയത പാലിക്കുന്നു തുടങ്ങി പത്തു പ്രമാണങ്ങൾ അവർ പാലിക്കുന്നുണ്ട്.

യാഥാർത്ഥ്യത്തിലും യതാതഥ ആഖ്യാനത്തിലുമുള്ള ഊന്നലാണ് സ്റ്റകിസം (1999)മുന്നോട്ടുവെക്കുന്നത്. പോസ്റ്റ് മോഡേൺ കലാതന്ത്രങ്ങൾക്കുനേരെയുള്ള ഒരു ആക്രമണമായിരുന്നു അവരുടെ 20 പോയിന്റ് മാൻഫെസ്റ്റോ. മനുഷ്യന്റെ യഥാർത്ഥപ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ കഴിയാതെ പോയ പോസ്റ്റ് മോഡേണിസത്തെ റീ മോഡേണിസം നിഷ്കാസിതമാക്കി എന്ന് അവർ പ്രസ്താവിക്കുന്നുണ്ട്. സിനിക്കൽ ആയ ആത്മീയമായി പാപ്പരാക്കപ്പെട്ട പോസ്റ്റ് മോഡേണിസത്തിനുപകരം കലയിൽ ആത്മീയതയുടെ പുനഃസന്നിവേശമാണവർ ലക്ഷ്യമാക്കിയത്. ഒരു പുതുമാനവികതാവാദമായിഅതിനെ കാണാം. ആവിഷ്കാരത്തിലും വിനിമയത്തിലും വ്യക്തവും ഡയാക്റ്റുമാവുക, ഉള്ളടക്കത്തിൽ അനുഭവത്തിൽ അവനവനോട് സത്യസന്ധമാവുക തുടങ്ങിയ മൂല്യങ്ങളാണ് സ്റ്റക്കിസ്റ്റുകൾ മുന്നോട്ടുവെച്ചത്. എല്ലാ ശരിയായകലയും മനുഷ്യന്റെ യാഥാർത്ഥ്യത്തോടു തൊട്ടുനിൽക്കുന്നു എന്ന് അവർ വാദിക്കുന്നു.

എർഗോഡിക് സാഹിത്യം ( **Ergodic literature** – *ergon*, എന്നാൽ "work", and *hodos*, എന്നാൽ "path Espen J. Aarseth അദ്ദേഹത്തിന്റെ *Cybertext Perspectives on Ergodic Literature എന്ന കൃതിയിലാണ്*

*ഈ സംജ്ഞ അവതരിപ്പിച്ചത്).* ഡിജി മോഡേണിസ്റ്റ് സാഹിത്യത്തിന്റെ ആദിരൂപമായികാണാം. സൈബർ പാഠങ്ങൾ, ഹൈപ്പർ ടെക്സ്റ്റ് ഇവയുടെ സ്വഭാവമാണിവിടെ വിശദീകരിക്കപ്പെടുന്നത്. വായനക്കാരനു കൂടുതൽ ശ്രമം ആവശ്യമുള്ളതും . ശാരിരിക ഇടപെടൽ ആവശ്യമുള്ളതും നിശ്ചിതമാധ്യമ പരിധില്ലാത്തതുമായ പാഠനിർമ്മിതിയാണിതിൽ സംഭവിക്കുന്നത്. അവിടെ വായനക്കാരന്റെ ജോലി ഇടത്തുനിന്ന് വലത്തോട്ട് കണ്ണുകൾ ചലിപ്പിക്കുകയോ ഇടക്കെപ്പൊഴോ യാന്ത്രികമായി പേജുകൾ മറിക്കുകയോ അല്ല. വഴിവെട്ടിവായനയാണ് നടക്കുന്നത്.പാഠം ഒരു ഫിസിക്കൽ കൺസ്ട്രക്റ്റ് ആയി മാറുന്നു. എന്നാൽ ഡിജി ടെക്സ്റ്റ്വാലിറ്റിയുടെ ഒരു സവിശേഷത മാത്രമാണത്. അതുപോലെ പാർട്ടിസിപ്പേറ്ററി ടെക്സ്റ്റ്വാലിറ്റി മാത്രമല്ല ഡിജിമോഡേണിസത്തിന്റെ സവിശേഷത എന്നുകൂടി ഓർക്കണം.

The effects on cultural forms of digitization എന്ന ഏഴു വാക്കുകളിൽ നിർവചിക്കാവുന ഡിജിമോഡേണിസത്തിൽ പോസ്റ്റ്മോഡേണിസത്തിനുശേഷം സാങ്കേതികത സാധ്യമാക്കിയ ഒരു പ്രബല സാസ്മ്കാരികാവസ്ഥ എന്നുകൂടി കൂട്ടിചേർക്കാം എന്ന് അലൻ കിർബി പറയുന്നു. ഇവിടെ പാർടിസിപേറ്ററി എന്ന അവസ്ഥ പ്രോഗ്രാം ചെയ്യപ്പെട്ടതാണെന്നുകൂടി ഓർക്കണം. ഒരു പൂർണ്ണജനാധിപത്യപ്ലാറ്റ്ഫോമല്ല വെബ്2.0 എന്നാൽ പതിനെട്ടാം നൂറ്റാണ്ടിലെ ജനാധിപത്യപ്രക്രിയയുടെ ഉയിർപ്പുപോലെയൊന്ന് ഈ ഡിജിമോഡേണിസത്തിനുണ്ടെന്നു പറയുകവയ്യ . സ്യൂഡോ ഓട്ടിസത്തോടും ഡീസോഷ്യലൈസേഷനുമായും ചാർച്ചയുള്ളതാണ് അതിന്റെ രാഷ്ട്രീയ ഫലങ്ങൾ എന്നു പറയേണ്ടിവരും.

**ഡിജിമോഡേണിസ്റ്റ് പാഠപരത**

പോസ്റ്റ് മോഡേണിസത്തിന്റെ തകർച്ചയിലോ വീഴ്ചയിലോ ഊന്നിയ ഒരു പെർസ്പെക്റ്റീവല്ല ഡിജി മോഡേണിസം മുന്നോട്ടുവക്കുന്നത് എന്നു പറഞ്ഞുവല്ലോ. ഡിജിറ്റൈസേഷന്റെ ഫലമായി സംഭവിച്ച ടെക്സ്റ്റ്വാലിറ്റിയിലും സംസ്കാരത്തിലുമുള്ള പുനർനിർവചനത്തിൽ പാഠത്തിന്റെ കമ്പ്യൂട്ടർവത്കരണം സൃഷ്ടിച്ച മാറ്റങ്ങൾ കൂട്ടിച്ചേർക്കലുകൾ അതിന്റെ പുതിയ വ്യവഹാരപരിസരം ഇവമൂലമുണ്ടാവുന്ന ഒരു കൾച്ചറൽ ഷിഫ്റ്റ് ൽആണതിന്റെ ഫോക്കസ്സ്.

എഴുത്തുകാരനെപോലെത്തന്നെ ഈ വിനിമയത്തിൽ കൂടുതൽ ആധികാരികത കൈവരുന്ന ഒരു വായനക്കാരൻ,അയാൾ സൃഷ്ടിക്കുന്ന തത്കാല പുതുപാഠം വായന ഒരു പ്രവർത്തനമാവുന്ന അവസ്ഥ ഇതെല്ലാം ഈ പാഠത്തിന്റെ സവിശേഷതയാണ്

കിൻഡിൽ റീഡിങ്ങ് അനുഭവം ടെക്സ്റ്റ്വാലിറ്റ്റിയുടെ ഈ സവിശേഷതയ്ക്ക് ഉദാഹരണമായി നല്കാം. പാഠത്തിന്റെ ടെമ്പറാലിറ്റി ടാഞ്ചിയബിൾ അല്ലാത്ത ടെക്സ്റ്റ് ടെക്സ്റ്റ് റ്റു സ്പീച്ച് സാധ്യത ക്ലൗഡ് സിങ്ക് റീഡിങ്ങ് ഡിക്ഷണറി, ഫൂട്ട്നോട്ട്, വെബ്, വിക്കിപീഡിയാ സെർച്ച് സൗകര്യങ്ങൾ നോട്ടുകുറിക്കൽ, ഹൈലൈറ്റുകൾ, നോട്ടുവായനകൾ, കോപ്പി ചെയ്യെടുക്കൽ... തുടങ്ങിയവയൊക്കെ ചേർന്നനിരവധി ലെയറുകൾ ഉള്ള ഒരു പാഠരൂപമാണല്ലോ അത്.

ഇത് പഴയ പോസ്റ്റ് മോഡേൺ പാഠത്തിൽ നിന്ന് വ്യത്യസ്തമാണ്. ഒരു നിശ്ചിത ഉള്ളടക്കത്തിൽ, ഭൗതികപാഠത്തിൽ, പാഠത്തിൽതന്നെ സംവിധാനം ചെയ്യപ്പെട്ട അതിന്റെ സങ്കേതങ്ങളിൽ ആണ് പോസ്റ്റ് മോഡേണിസ്റ്റ് പാഠം പ്രവർത്തിക്കുന്നത്. അതിന്റെ പലതരം വായനകൾ വ്യാഖ്യാനങ്ങളാണവിടെ സാധ്യമാക്കുന്നത്.

പാഠകേന്ദ്രിതമായ നവവിമർശനപദ്ധതിക്ക് പകരം അനുവാചകപ്രതികരണങ്ങളിലൂന്നിയ പാഠവ്യാഖ്യാനങ്ങൾക്ക് ഊന്നലുള്ള അനുവാചകപ്രതികരണസിദ്ധാന്തങ്ങൾ പോസ്റ്റ് സ്ട്രക്ച്ചറൽ കാലത്തുണ്ടായി. 1960 കളിലെ റീഡർ റെസ്പോൺസ് തിയറി ഉദാഹരണം. വായന ഒരുതരം എഴുത്താണെന്ന് ബാർത്തും പറയുന്നുണ്ടല്ലോ

ബാർത്തിന്റെ From Work to Text," എന്ന 97 ൽ വന്ന പ്രബന്ധം പോസ്റ്റ് സ്ട്രക്ചറൽ സാഹിത്യസിദ്ധാന്തപരിസരത്തിലെ ഒരു ക്ലാസിക്കൽ ടെക്സ്റ്റ് ആണെങ്കിലും ഡിജിമോഡേണിസ്റ്റ് പാഠസങ്കല്പങ്ങളെപ്പറ്റിയുള്ള ചില മുൻ നോട്ടങ്ങൾ അതിൽ കാണാം. പാഠത്തിന്റെ ഒരു സൂചനപ്രക്രിയയിൽ എഴുത്തുകാരനും വായനക്കാരനും ഒന്നുപോലെ പ്രവർത്തിക്കുന്നുണ്ടെന്ന് അദ്ദേഹം പറയുന്നുണ്ട്. ഇരുപതുവർഷങ്ങൾക്കുശേഷം വരാനിരിക്കുന്ന ഡിജിടെക്സ്റ്റ്വാലിറ്റിയേ അദ്ദേഹം മുൻ കൂട്ടി അഭിവാദ്യം ചെയ്യുകയാണെന്ന് കിർബി പറയുന്നു.

“The Precession of Simulacra” എന്ന ബോദ്രിലാർദിന്റെ പ്രബന്ധം (1981) ഒരു പോസ്റ്റ് മോഡേൺ ടെക്സ്റ്റ് ആണ്. തീം പാർക്കുകളുടെ പ്രവർത്തനമാണല്ലോ വിഷയം. ഒരു വായനക്കാരൻ/കാഴ്ചക്കാരൻ പ്രവേശിക്കുന്നതിനുമുന്നേ രൂപസംവിധാനം ചെയ്യപ്പെട്ട ഒരു ആഖ്യാനസ്ഥലം ആണ് തീം പാർക്ക്. അത് മൂർത്തമാവുന്നത് കാഴ്ചക്കാരന്റെ ഭൗതിക ഇടപെടലിൽകൂടിയാണെന്നുമാത്രമേയുള്ളൂ. അതിന്റെ നിർമ്മിതി ആ ഇടപെടലിലൂടെ ഉണ്ടായതോ അയാൾ ഭൗതികമായി കണ്ടെടുക്കുന്നതോ ആയ ഒന്നല്ല. ഡിജി മോഡേണിസവും പോസ്റ്റ് മോഡേണിസവും തമ്മിലുള്ള ഒരു വ്യത്യാസമതാണ്.

തുറന്ന കൂടുതൽ ആഴത്തിലുള്ള ഒരു ടെസ്ക്ച്വൽ പ്രോസസ്സ് ബിയിങ്ങ് എന്ന അവസ്ഥയിലേക്കെത്തുന്ന ഒരു തരം പ്രവർത്തനമാണ് ഡിജിറ്റൽ ടെക്സ്റ്റ്വാലിറ്റിക്കുള്ളത്. സ്ഥലകാലപരിധികളില്ലാത്ത, അറ്റമില്ലാത്ത ഒരു പാഠസ്വരൂപമായി അതുമാറുന്നു.

പൂർണവിരാമം സംഭവിച്ച പാഠമല്ല സദാഗതിയുള്ള, ചരരാശിയിൽ നില്ക്കുന്ന ഒന്നാണത്. (Onwardness) ക്രമികഘടനയില്ലായ്മ കാണിക്കുന്ന പലതരം സമാന്തരതകളും ബഹുവിതാനങ്ങളുമുള്ള നോൺ ലീനിയർ ആയ ഒരു പാഠരൂപം. (Haphazardness. ) തത്കാല ക്ഷണികതയാണതിന്റെ സ്വ്ഹഭാവം. ആർക്കൈവ് ചെയ്യാനാവില്ല. വീണ്ടും കാണുന്നില്ല .സാധ്യവുമല്ല. (Evanescence.) സങ്കിർണമായകർത്തൃവിനിമയങ്ങൾ അതിനകത്ത് സംഭവിക്കുന്നുണ്ട്. (Reformulation and intermediation of textual roles. Anonymous, multiple and social authorship) ദ്രവപാഠം ആയതുകൊണ്ട് വലിപ്പം നിർണയിക്കാനാവില്ല. (The fluid bounded text.) സാങ്കേതികവിദ്യയിൽ മാത്രമാണതിന്റെ നിലനില്പ്പ്. ഡിജിറ്റൈസ്ഡ് ആയി മാത്രം നിലനില്ക്കുന്ന ഒരു പാഠവ്യവഹാരം (Electronic digitality)

**പാഠവ്യവഹാരം**

ഡിജിമോഡേണിസ്റ്റ് ടെക്സ്റ്റിന്റെ മറ്റൊരു പുതുമ പാഠവുമായുള്ള ഒരു വ്യക്തിയുടെ ബന്ധം വിശദീകരിക്കുന്നതിനായി സാമ്പ്രദായികമായി ഉപയോഗിക്കുന്ന പല സംജ്ഞകളും കൃത്യമല്ലാതായിപോകുന്നു എന്നതാണ്. ഓഥറിന്റെ കാര്യം തന്നെ എടുക്കാം. കർത്താവിനെ അസ്ഥിരപ്പെടുത്തുന്ന സുർബലമാക്കുന്ന സമീപനമാണല്ലോ പോസ്റ്റ് മോഡേണിസത്തിലുള്ളത്. “the birth of the reader must be at the cost of the death of the Author” എന്നും പാഠവിമർശനത്തിൽ കർത്താവിന്റെ സാന്നിധ്യംനശിപ്പിക്കണമെന്നും ഒഴിവാക്കണമെന്നും പറഞ്ഞ ബാർത്ത് പോസ്റ്റ് മോഡേണിസ്റ്റ് ആയ ഒരു കാഴ്ചപ്പാടാണു മുന്നോട്ടുവെക്കുന്നത്. ഡിജി മോഡേണിസം നിശ്ബ്ദമായി ഈ ഓഥറെ റിസ്റ്റോർ ചെയ്യുകയും പുനർമൂല്യപ്പെടുത്തുകയും ചെയ്യുന്നു.

ഓഥർ എന്നത് ഡീജിമോഡേണിസ്റ്റ് പാഠത്തിൽ ബഹുവചനമാണ്. ഏക കർതൃകത്വത്തെ അതു നിരാകരിക്കുന്നു. പലസ്ഥലകാലങ്ങളിലായി അസംഖ്യവും ചിലപ്പോൾ അനന്തവുമായി അതു ചിതറികിടക്കുന്നു. എന്നാൽ ഈ സാമൂഹികത ആധുനികപൂർവസമൂഹങ്ങളിലെ പോലെ വംശീയമോ പ്രാദേശികമോ സാമുദായികമോ അല്ല , ശ്രേണീകരിക്കപ്പെട്ടതാണു താനും.

പോസ്റ്റ് മോഡേണിസ്റ്റ് പോസ്റ്റ് സ്ട്രക്ച്ചറലിസ്റ്റ് സിദ്ധാന്തങ്ങളിൽ പുറത്താക്കപ്പെട്ട അവമതിക്കപ്പെട്ട ഒരു സ്ഥാനമല്ല കർത്താവിന് ഡിജി മോഡേണിസത്തിലുള്ളത്. പാഠനിർമ്മിതിയുടെ പലപലഘടനകളിലും ഘട്ടങ്ങളിലുമായി ചിതറികിടക്കുന്ന ചലനാത്മകമായ ക്രിയേറ്റീവ് ആയ എന്നാൽ അദൃശ്യമായ വെളിവാക്കപ്പെടേണ്ടതില്ലാത്ത ഒരു സാന്നിധ്യമാണ്

രണ്ടുതരം കേൾവി ശീലങ്ങളാണ് നമുക്കുള്ളത്. ഉത്തമപുരഷന്റെ ആഖ്യാനസ്ഥാനം മാത്രമുള്ളതും ഉത്തമപുരുഷനും മധ്യപുരുഷനുമുള്ള (പ്രതികരണം ആവശ്യപ്പെടുന്ന) വ്യവഹാര സന്ദർഭങ്ങളും. ഇതിൽ ആദ്യത്തേതിൽനിന്ന് രണ്ടാമത്തേതിലേക്കുള്ള ലിമിറ്റഡ് ഷിഫ്റ്റ് എഫ് എം റേഡിയോകൾ വരുന്നതോടെ കാണാം. ശ്രോതാവിനുകൂടി കർതൃസാന്നിധ്യത്തിനു സംഭാവ്യതയുള്ള ഒരു വ്യവഹാരസ്ഥലം അവിടെ രൂപപ്പെടുന്നു. ഒരു വ്യക്തിനിഷ്ഠ ഇന്റിമേറ്റ് സ്പെയ്സ് കൃത്രിമമായി സൃഷ്ടിക്കപ്പെടുന്നു.

ബഹുകർതൃത്വം, കേൾവിശീലങ്ങളുടെ ബ്ലെൻഡിങ്ങ്, വാമൊഴിയുടെ രണ്ടാം വരവ്, കാവ്യാത്മകതയേക്കാൾ സംഭവവിവരണങ്ങൾക്കുള്ള മേൽക്കൈ എന്നിവ അനന്തരാനന്തര എഴുത്തിനെ വ്യത്യസ്തമാക്കുന്നുണ്ട്. നമ്മുടെ മുൻവായനയുടെ ചെരുമ്പലുകൾകൊണ്ടാണ് വായനക്കാരൻ ഒരു പുതിയ നോവലിനെ സമീപിക്കുന്നതെന്ന് കരുണാകരൻ കഴിഞ്ഞദിവസം ഫെയ്സ് ബുക്കിൽ കുറിക്കുയുയുണ്ടായി. കേട്ടെഴുത്തിന്റെ പുതിയകാലത്ത് ആടുജീവിതം പുതിയ നോവൽ ആഖ്യാനത്തിന്റെ ഒരു പ്രരൂപമായി മാറിയത് അങ്ങനെയാണ്. അത് തനിക്ക് അന്യമായ മറ്റൊരാളുടെ ജീവിതത്തിന്റെ പകർത്തിയെഴുത്താവാം. ചിലരിപ്പോൾ ആരോപിക്കുന്നതുപോലെ മുഹമ്മദ് അസദിന്റെ റോഡ് റ്റു മെക്കയിലെ മരുഭൂ അനുഭവഭൂപടത്തിന്റെ സ്വാധീനവുമാവാം. ആഖ്യാനത്തിന്റെ സൂക്ഷ്മസൗന്ദര്യമല്ല അതിലെ അനുഭവലോകത്തിന്റെ പിടച്ചിലാണ് ആടുജീവിതത്തിന്റെ വൈറാലിറ്റിയുടെ കാരണം എന്ന്

നമുക്കറിയാം, പലതരം അനുഭവങ്ങളുടെ മിശ്രണം പിൽക്കാല വായനകളിൽ സാധ്യമാവുന്ന ഒരു പ്ലെയിൻ മീമായി ആടുജീവിതത്തിന്റെ ടെമ്പ്ലെയിറ്റ് പ്രവർത്തിക്കുന്നു എന്നതുകൊണ്ടാണ് അത് ബെസ്റ്റ് സെല്ലറായിത്തീർന്നത്. വൈറാലിറ്റി എന്ന സൈബർ സംസ്കാരഗുണം പ്രവർത്തിക്കുന്ന പുതുകാല നോവൽ ഇൻഡസ്ട്രിയുടെ ആദ്യ ഉത്പന്നമായിൽ ആടുജീവിതം (2008) മാറുന്നത് അങ്ങനെയാണ്. ആധുനികതയുടെ വേലിയിറക്കത്തിനുശേഷം രചിക്കപ്പെട്ട കന്യാവനങ്ങളിലെ മരുഭ്ര അനുഭവം അസദിന്റെ മരുഭ്ര അനുഭവങ്ങളുടെ തനിപ്പകർപ്പാണെന്ന വലിയ വിവാദകോലാഹലം ആടുജീവിതത്തെ ചുറ്റിപറ്റി വളരാതെ പോയത് ഒറിജിനാലിറ്റിയെപറ്റിയും ഓഥർഷിപ്പിനെ പറ്റിയുമുള്ള പാറയുറപ്പുകൾ ആധുനികാനന്തരത ഇളക്കിമാറ്റിയതുകൊണ്ടുകൂടിയാവണം. സൂസന്നയുടെ ഗ്രന്ഥപ്പുറയിലേക്ക് നാല്പതുകൾ കഴിഞ്ഞ വായനക്കാരുടെ ഗൃഹാതുര ഗ്രന്ഥവായനാനുഭവങ്ങൾ കൂടിചേർന്ന് ബൃഹത്ത് വ്യവഹാരപാഠമായി വികസിക്കുന്നത് നോക്കുക.

ഡിജിമോഡേണിസ്റ്റ് ടെക്സ്റ്റിൽ ഇന്റർ ആക്റ്റിവിറ്റി സവിശേഷമാണ് നമ്മുടെ ആവശ്യങ്ങൾക്ക് ആഗ്രഹങ്ങൾക്ക് പ്രവർത്തനങ്ങൾക്ക് അനുസരിച്ച് പ്രതിപ്രവർത്തിക്കുന്ന ഒരു ഘടനയാണുള്ളത്. ടെക്സ്റ്റിന്റെ നിശ്ചിതപൂർവരൂപം അവിടെയുണ്ട്

നോൺ ലീനിയർ എന്നുപറയുന്നതിനേക്കാൾ മൾട്ടിലീനിയർ എന്നു പറയുന്നതാവും ശരി. കാലക്രമികതയില്ല എന്നേയുള്ളു .ആഖ്യാനത്തിൽ ഏതെങ്കിലും തരത്തിൽ രേഖീയത ഇല്ലാതാവുന്നില്ല/ രണ്ടാം വായനയിൽ നോൺ ലീനിയർ ആവാമെന്നേയുള്ളൂ. ഡിജിമോഡേണിസ്റ്റ് കാലത്തിനുമുന്നേ തന്നെ ഈ മൾട്ടി ലീനിയാരിറ്റി പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. B. S. Johnson's novel The Unfortunates (1969) എന്ന നോവൽ ഇതിനുദാഹരണമാണ്. നോവലിന്റെ 27 അദ്ധ്യായങ്ങളിൽ ആദ്യത്തേതും അവസാനത്തേതുമൊഴിച്ചുള്ള 25 അദ്ധ്യായങ്ങൾ ഏത് ക്രമത്തിൽ വേണമെങ്കിലും വായിക്കാമായിരുന്നു. അത്ര സക്സസ്സായിരുന്നില്ല ആദ്യ നോവൽ. ലൈബ്രറികൾക്ക് എടുത്തുവെക്കാനുമാവുമായിരുന്നില്ല. . ഇത് പിന്നീട് ഹംഗറിയിലേക്ക് 1973 ൽ വിവർത്തനം ചെയ്തപ്പോൾ പ്രിന്റഡ് പുസ്തകരൂപത്തിലാണു വന്നത് ഓരോ അധ്യായത്തിന്റെ തുടക്കത്തിലും സിംബലുകൾ അടിച്ചിരുന്നു. അവസാന പേജിൽ അതൊക്കെ ചേർത്തും ആ പേജ് ചീന്തിയെടുത്ത് കഷ്ണങ്ങളാക്കി ഒരു ഹാറ്റിൽ ഷഫിൾ ചെയ്ത് ഇഷ്ടമുള്ളതെടുത്ത് ആ ക്രമത്തിൽ അധ്യായങ്ങൾ വായിക്കാനാണു വായനക്കാരോട് ആവശ്യപ്പെട്ടത്.

ജൂലിയോ കോർത്തസാറിന്റെ റവേല എന്ന സ്പാനിഷ് നോവലിലും ഈ മൾട്ടീലിനിയാരിറ്റി പ്രത്യക്ഷത്തിൽ ചെയ്തിട്ടുൻട്. ആകെ 155 അധ്യായങ്ങളിൽ ഒരു രീതിക്കുള്ള വായനയിൽ ആദ്യം തൊട്ട് തുടങ്ങി 56 വരെ പോയി നിർത്താം. ബാക്കി ഒക്കെ വേണമെങ്കിൽ വായിക്കാവുന്ന എക്സ്റ്റൻഷനാണ്. അല്ലെങ്കിൽ 73 ആം അധ്യായത്തിൽ നിന്നുതുടങ്ങി ചാപ്റ്ററിനൊടുവിൽ കാണുന്ന നിർദേശങ്ങൾക്കനുസരിച്ച് വേറെ രീതിയിലും വായിക്കാം കോർത്തസാറ് കൗണ്ടർ നോവൽ എന്ന നിലക്കാണ് അതെഴുതിയത്.

ഈ മൾട്ടീലീനിയാരിറ്റി പിന്നീട് കുട്ടികളുടെ സാഹിത്യത്തിൽ വഴികണ്ടുപിടിക്കുക ശൈലിയിൽ ഏറെ പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. എഡ്വേഡ് പക്കാർഡിന്റെ കേവ് ഓഫ് ടൈം ഒരു ക്ലാസിക്കൽ ഉദാഹരണമാണ്.

ഡിജിമോഡേണിസ്റ്റ് പാഠങ്ങളിൽ ഉപയോക്താവ് ആക്റ്റീവായിരിക്കും എന്നതും ഒരു ഫാൾസ് ക്ലെയിമാണ്. ഭൗതികക്രിയകൾ ചെയ്യുന്ന എന്നതുകൊണ്ടുമാത്രം ഒരാൾ ആക്റ്റീവാവണമെന്നില്ല.

**എഴുത്തിലെ ജനാധിപത്യം**

എല്ലാവർക്കും പ്രസിദ്ധീകരിക്കാം എന്ന വെബ് 2.0 ജനാധിപത്യസൗകര്യം മറ്റൊരുതരത്തിൽ പരിശോധിക്കപ്പെടേണ്ടതുണ്ട്. അത് പ്രസാധനം എന്ന സവിശേഷസ്ഥാനപ്പെട്ടുത്തലിനെ അതിന്റെ ഗ്ലോറിയതന്നെ ഇല്ലാതാക്കുന്നു. അതിനകത്തെ മൂല്യവിചാരണയുടെ ഘട്ടത്തിൽ മൂല്യമുള്ള പ്രസിദ്ധീകരണങ്ങളുടെ ഒരു നിരയും ലോ ലെവൽ പ്രസിദ്ധീകരണങ്ങളുടെ ഒരു നിരയും വൈകാതെ രൂപപ്പെടും. എല്ലാവരും കഥയും കവിതയും നോവലുമൊക്കെ എഴുതുന്നവരായി മാറി എന്നതും മറ്റൊരു ഫാൾസ് ക്ലെയിമാണ്.

പുതുതലമുറയിൽ വായന എന്ന ശീലം/ ശേഷി നശിക്കുന്നു എന്ന പരാതി എൺപതുകൾക്കൊടുവിൽ വരെ സജീവമായിരുന്നു. ഡിജിമോഡേണിസ്റ്റ് കാലത്ത് സ്ഥിതി മാറി. വായനയുടെ ക്വാണ്ടിറ്റിയിൽ ഒരു വലിയ കുതിച്ചുചാട്ടമാണ് ഡിജി ഇന്റർനെറ്റ് വഴി ഉണ്ടായത്, എഴുതപ്പെട്ട പാഠത്തിനുമുന്നിൽ എഴുത്തിലും എത്രയോ മണിക്കൂറുകളാണ് ചെലവഴിക്കപ്പെടുന്നത്.എന്നാൽ വായനയുടെ ക്വാളിറ്റിയിൽ ഗൗരവാവഹമായ വായനയിൽ വലിയ കുറവുണ്ടെന്നുകൂടി മനസ്സിലാക്കണം. എന്നുമാത്രമല്ല എഴുത്തുപാഠത്തോട് സങ്കീർണ്ണവും സൂക്ഷ്മവും ആയ ആലോചനകൾകൊണ്ട് ഇടപെടാനുള്ള ശേഷി അമ്പെ ഇല്ലാതാവുന്നു എന്ന വാദവുമുണ്ട്. ഗവേഷണാത്മകവായന കല്യാണം പോലെയും (മറ്റൊരാളുമായി അഭിരുചികളും ഉത്തരവാദിത്തങ്ങളും ഗൗരവപ്പെട്ട ആലോചനകളും കൊണ്ട് തീർത്ത ദീർഘ ഉടമ്പടി) പൊതുവായന ഡെയ്റ്റിങ്ങ് (സുഖസന്തോഷത്തിൽ ഊന്നിയ താത്കാലിക ഇന്റിമേറ്റ് റിലേഷൻ) പോലെയുമാണെങ്കിൽ ഇന്റർനെറ്റ് വായന രണ്ടാം നിലയിലെ ജാലകം വഴി താഴെ തെരുവിൽ നടന്നുപോകുന്ന പെണ്ണിനെ ഒളിഞ്ഞുനോക്കുന്നതുപോലെയാണെന്നൊരു ( പൂർണ കാഴ്ചയോ ഇൻ വോൾവ്മെന്റോ ശരിയായ എൻഗെജ്മെന്റോ ഇല്ലാത്തതിനാൽ നിരാശാപൂർണ്ണവും നിരാനന്ദപൂർണവുമായ ബന്ധം ) ചൊല്ലുതന്നെയുണ്ട്. രസകരമായ മറ്റൊരു കാര്യം നമ്മൾക്ക് നന്നായി അറിയാമെങ്കിലും നമ്മൾ തീരെ എഴുതുന്നില്ല എന്നും നമ്മൾ പരിശീലിച്ചിട്ടില്ലെങ്കിലും നമ്മൾ ഏറെ ടൈപ്പ് ചെയ്യുന്നു എന്നതുമാണ്.

ഡിജിറ്റൽ ആഖ്യാനത്തിന്റെ ഒരു സങ്കേതം കൂടിയാണ് പാന്റോ മൈം. ഫ്രണ്ട് സ്റ്റെയ്ജിൽ വന്ന് കഥാപാത്രങ്ങൾ ചിലപ്പോൾ കാണികൾക്കിടയിൽനിന്നുവന്നും കാണികളുമായി ഇന്ററാക്റ്റ് ചെയ്യുകയോ കോറസ്സിൽ പങ്കുചേർക്കുകയോ ഗെയിം കളിക്കുകയോ ഒക്കെ ചെയ്യുന്ന രീതിയാണ് പാന്റോ മൈം. ടെക്സ്റ്റ് ഒരു ഹൈ പൊസിഷനിൽ പ്രവർത്തിക്കുകയല്ല, അതിനെ കാണികളുമായി ബന്ധിപ്പിക്കുകയും കാണികൾക്ക് അതിൽ ഇടപെടാനുള്ള സ്പെയ്സ് നൽകുകയുമാണു ചെയ്യുന്നത്. കാണികൾ അതിന്റെ ഭാഗമാണെന്ന തോന്നൽ ഉണ്ടാക്കുകയാണ് ലക്ഷ്യം.

ക്യാബറേ നർത്തകരുടെ ഇന്ററാക്ഷൻസ്, റിയാലിറ്റി ഷോകളിലെ കാണികളുടെ ഇടപെടൽ റേഡിയോ ജോക്കികളുടെ സംഭാഷണങ്ങൾ മജീഷ്യൻസ് ഓഡിയൻസിൽനിന്ന് വൊളണ്ടിയർമാരെ വിളിക്കുന്നത്

ഒക്കെ ഉദാഹരണമായി പറയാം. നാടകത്തിൽ ക്ആണികളുടെ ഇടപെടൽ എന്നാൽ കാണികൾ ഒരിക്കലും കഥാഗതിയെ നിർണയിക്കുന്ന കഥാപാത്രങ്ങളാവുന്നില്ല. ഖസാക്കിന്റെ ഇതിഹാസം അവതരണത്തിൽ ഈ സങ്കേതം വലിയ എന്റർടെയിന്മെന്റ് വാല്യുവോടെ ഉപയോഗിച്ചിട്ടുണ്ടല്ലോ. ഡിൽഡോ എന്ന നോവലിൽ വി എം ദേവദാസ് ഓരോ അധ്യായത്തിലും അഭ്യാസങ്ങൾ നൽകുന്നുണ്ട്.

പോസ്റ്റ് മോഡേണിസ്റ്റ് വിമർശകൻ കൾച്ചറൽ സോഫ്റ്റ്വെയറിലാണ താത്പര്യപ്പെട്ടതെങ്കിൽ ഡിജിമോഡേണിസം വെബ് 2,0 കാലത്തെ കൾച്ചറൽ ഹാർഡ് വെയറിലാണ കൗതുകം കാണിക്കുന്നത്. നിശ്ചിതവും പൂർണവുമായ പാഠത്തെ സമഗ്രതയിൽ സംസ്കാരവിമർശകൻ കൈകാര്യം ചെയ്തിരുന്നു. എന്നാൽ വെബ് രണ്ട് പാഠം സമയത്തിനനുസരിച്ച് വികസിക്കുന്നു.ഇടപെടൽ അനുസരിച്ച് അത് നീണ്ടുപോകുന്നു. സമഗ്രപാഠസമീപനമില്ല. സെർച്ച് എഞ്ചിൻ രീതിയാണത്. ഓൺവേഡ്നെസ്സ് ആണ് മുദ്രാവാക്യം.

ആഖ്യാന ശരീരത്തിന്റെ വലിപ്പപെരുപ്പം പുതിയകാല നരേറ്റീവുകളുടെ സവിശേഷതയാണ്. ഡിജിമോഡേണിസ്റ്റ് ആഖ്യാനരൂപങ്ങളിൽ തുടക്കക്കാരനായ സ്റ്റാർ വാർസിന്റെ ദൈർഘ്യം 114 മണിക്കൂറാണ്. പോസ്റ്റ് മോഡേൺ ചെറുതുകളുടെ ലോകത്തുനിന്ന് ഇരുപത്തിയൊന്നാം നൂറ്റാണ്ടിനെ ദീർഘദർശനം ചെയ്തവർ പ്രവചിച്ചത് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ സിനിമയുടെ ദൈർഘ്യം 15 മിനിറ്റായിരിക്കും എന്നാണ്. ( കെൻ റസ്സലിന്റെ അഭിപ്രായം ഫ്രെഡറിക് ജെയിസൺ ഉദ്ധരിച്ചത്) എന്നാൽ സംഭവിച്ചത് മറിച്ചാണ്. അതിദീർഘ ആഖ്യാനങ്ങൾ ചരിത്രത്തിൽ നിന്ന് മടങ്ങിവന്നിരിക്കുന്നു. 1930 കൾ വരെ 300 പേജായിരുന്ന ബിഗ് റീഡ് എന്നുവിളിക്കാവുന്ന നോവലിന്റെ അഭികാമ്യ വലിപ്പം. 2002ൽ ബിബിസ് ടിവി നടത്തിയ പോളിൽ 400 പേജാണ് നോവലിന്റെ മിനിമം വലിപ്പം എന്ന അഭിപ്രായമാണ പൊന്തിവന്നത്.

ഹാരിപോട്ടറൊക്കെ 3000 പേജു കവിഞ്ഞു. ഒരു ബൃഹദ് ആഖ്യാനത്തിന്റെ കൂട്ടിച്ചേർക്കലുകളായാണവ പുതിയ എപ്പിസോഡുകളിലേക്ക് വികസിക്കുന്നത് ശൈലീപരമായ വ്യതിയാനങ്ങൾ ഇതിവൃത്ത അത്ഭുതങ്ങൾ ഇല്ല. ഓൺ വേഡ്നെസ് അന്നതാണ മുദ്രാവാക്യം. പാഠത്തിന്റെ തുറവി എന്ന പോസ്റ്റ് മോഡേൺ പോസ്റ്റ് സ്ട്രക്ച്ചറൽ സ്വഭാവമല്ല ഈ തുറന്ന അനന്തപാഠം വ്യാഖ്യാനത്തിന്റെ അനന്തലീലയാണവർ ഉദ്ദേശിച്ചത് പാഠത്തിന്റെ ഭൗതികമായ അനന്തതയാണിത് നരേറ്റീവ് കണ്ടന്റ് അവസാനിക്കുന്നില്ല എന്ന അവസ്ഥ. The story opens and closes, opens and closes, on many levels and at many varying speeds.

അവസാനമില്ലാത്ത ആഖ്യാനങ്ങളുടെ പിറവിയാണ് ഡിജിമോഡേണിസത്തിന്റെ സ്വഭാവം.അമീഷിന്റെ രചനകൾ, ഹാരിപോട്ടർ, ചേതൻ ഭഗത്ത്, പൈറൈറ്റ്സ് ഓഫ് കരീബിയൻ സീ, മീശ, തക്ഷൻകുന്ന് സ്വരൂപം , ടി ഡി രാമകൃഷ്ണന്റെ നോവലുകൾ, സൂസന്നയുടെ ഗ്രന്ഥപ്പുര തുടങ്ങി സമകാലിക നോവലുകളുടെ സ്വഭാവം നോക്കുക. നോവലിനു കൂടുതൽ വലിപ്പം വെക്കുന്നു എന്നു കാണാം.

ജയമോഹന്റെ വെൺ മുരശ് എന്ന ബൃഹത്ത് ആഖ്യാനം തൊട്ടയല്പക്കത്ത് ലോകംകണ്ട ഏറ്റവും വലിയ നോവലായി വികസിക്കുന്നത് നമ്മൾ അറിഞ്ഞുവോ? 2014 ൽ, മഹാഭാരതത്തിന് 'വെണ്മുരശ് എന്ന

പേരിൽ ഒരു നവ വ്യാഖ്യാനത്തിനൊരുമ്പെടുമ്പോൾ വരുന്ന പത്തു വർഷത്തേയ്ക്ക് ദിനേന ഓരോ അദ്ധ്യായം എഴുതുകയും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുമെന്നായിരുന്നു ശ്രീ ജയമോഹന്റെ പ്രഖ്യാപനം . ഇരുപത്തയ്യായിരം പേജുകൾ പ്രതീക്ഷിക്കുന്ന ആ ബൃഹദ്ഗ്രന്ഥത്തിന്റെ രചന പ്രഖ്യാപിച്ചതിൻ പടി തന്നെ മുന്നേറുന്നു. 19 പുസ്തകങ്ങൾ. പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ഓരോന്നും ആയിരം പേജുവരും. മഹാഭാരതത്തെ ഒരു പ്രോട്ടോ ടൈപ്പാക്കിയെടുത്ത് പുസ്തകങ്ങൾ വിപുലീകരിക്കുകയാണു ജയമോഹൻ ചെയ്യുന്ന രചനാതന്ത്രം. ഹരീഷ് ശക്തിധരന്റെ നൂറു ദിനം നൂറു കഥ എന്ന ഫേസ്ബുക്ക് ചലഞ്ച് മറ്റൊരു മലയാളി അനുഭവമാണ്. ടെക്നോളജിയും ഇന്റർനെറ്റും മാത്രമാണ് തന്റെ നോവൽ രചന സാധ്യമാക്കിയതെന്ന് ജയമോഹൻ പറയുന്നു. തമിഴിലെ ബെസ്റ്റ് സെല്ലർ കൂടിയാണത്.

**ഡിജി മോഡേണിസ്റ്റ് സൗന്ദര്യശാസ്ത്രം**

പോപ്പുലർ സംസ്കാരത്തിലെ മുഖ്യമാധ്യമമായ ടെലിവിഷൻ ഹൈബ്രിഡായി. ടെലിവിഷന്റെ മരണം പ്രവചിക്കപ്പെടുന്നു. മറ്റൊരു രൂപമായ സിനിമാശാലകൾ മൾട്ടിപ്ലെക്സുകളാവുന്നു സൂപ്പർ മാർക്കറ്റുകൾ മാളുകളായി രൂപാന്തരപ്പെടുന്നു. ഇതിനനുസരിച്ച് ..ഹോളിവുഡ് സിനിമകളുടെ പ്രമേയങ്ങളിലെ മാറ്റം ശ്രദ്ധേയമാണ്. ദേശീയത ഹൊറർ തുടങ്ങിയ സ്ഥിരം അരപ്പുകൾ മാറി അമർചിത്രകഥകളിലേക്ക് പ്രമേയം ഷിഫ്റ്റ് ചെയ്യപ്പെടുന്നു.

നമ്മുടെ മാസ്സ് മീഡിയാ വ്യവഹാരങ്ങളെ/ അനുഭവങ്ങളെ അഡോണോയുടെ സംസ്കാരവ്യവസായം എന്ന സങ്കല്പനത്തെ മുൻ നിർത്തിയുള്ള പൊളിറ്റിക്കൽ കൾച്ചറൽ വിമർശനമാണ് മോഡേണിസത്തിന്റെ സമീപനമെങ്കിൽ ( 'ഉപഭോക്താക്കളെ മുകളിൽനിന്നു നിശ്ചയിക്കുന്ന പ്രവർത്തനമാണ് സംസ്കാരവ്യവസായം.ഉന്നതകലയും അധമകലയും തമ്മിലുള്ള ഒരൊത്തുതീർപ്പിനാണ് സംസ്കാരവ്യവസായം ശ്രമിക്കുന്നത്. സഹസ്രാബ്ദങ്ങളായി നിലനിന്നുപോന്ന ഒന്നാണ് ഇവ തമ്മിലുള്ള വ്യത്യാസം. ഈ ഒത്തുതീർപ്പ് ഇവ രണ്ടിനെയും നശിപ്പിക്കുന്നു' അഡോണോ) ഇതിനെ പോപ്പുലർ കൾച്ചറായി വ്യാഖ്യാനിക്കാനായിരുന്നു ആധുനികാനന്തരതയുടെ ശ്രമം പുതിയ കാല പോപ്പുലർ സിനിമ കുട്ടികളുടെ സാഹിത്യത്തിന്റെ സബ് ഡൊമെയിനായാണു പ്രവർത്തിക്കുന്നത്. 1999 മുതൽ 2007 വരെയുള്ള കാലത്തെ ലോകബിഗ്ബജറ്റ് ഹിറ്റുസിനിമകളിൽ പകുതിയും ബാലസാഹിത്യത്തെ കേന്ദ്രീകരിച്ചായിരുന്നു. ഹാരി പോട്ടർ, ജംഗിൾ ബുക്ക്, ടാർസൻ ,സ്റ്റാർ വാർ, സ്പൈഡർ മാൻ, പൈറേറ്റ്സ് സീരീസുകൾ യന്തിരൻ തൊട്ട് ബാഹുബലി വരെയുള്ള ഇന്ത്യൻ ബിഗ് ബജറ്റ് സിനിമകളും ഉദാഹരണമാണ്.

ഈ കഥകളൊക്കെ ചില പൊതു സ്വഭാവങ്ങൾ നിലനിർത്തുന്നുണ്ട്. കുട്ടിയുടെ സ്വയം പൂർണലോകം കുടുംബത്തിനകത്തെ കുട്ടി അല്ല. ബിഗ് ഡാഡിയുടെ അഭാവം സെമി ഇന്റിപെന്റന്റ് രക്ഷകഭാവത്തിലെത്തുന്നു.. ആധുനിക ജനധിപത്യപൂർവ സമൂഹത്തെ അവതരിപ്പിക്കുന്നു. രാജാക്കന്മാർ പ്രഭുക്കൾ ഡെമി ഗോഡ്സ് ചെകുത്താന്മാർ.. സോഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയന്ത്രണങ്ങളില്ലാത്ത പോലിസ്സിനും സ്റ്റെയ്റ്റിനും പുറത്തെ സംവിധാനങ്ങൾ, നായകത്വം.. മണമറഞ്ഞ ഭീകരസ്വത്വങ്ങളുടെ പൗരാണികകഥാപാത്രങ്ങളുടെ ചരിത്രപുരുഷന്മാരുടെ സങ്കല്പ ജീവികളുടെ ചരിത്രവസ്തുതകളുടെ ഐതിഹ്യകഥാപാത്രങ്ങളുടെ കാല്പനികാവതരണങ്ങൾ .. എഴുത്തിനേക്കാൾ ദൃശ്യത മുന്തിനിൽക്കുന്ന

കഥാആഖ്യാനം, പ്രകൃതി ശാസ്ത്രതത്ത്വങ്ങളെ അവഗണിക്കൽ ,തൊഴിൽ ജീവിതത്തെ പരാമർശിക്കാതിരിക്കൽ, എന്നിങ്ങനെ. ആഖ്യാനത്തിന്റെ കേവലതലത്തിൽ മാത്രമാണവ കുട്ടികളുടെ ആകുന്നത്. പരിചരണത്തിൽ അഡൾട്ടിന്റെ ലോകമാണത്.

യാഥാർത്ഥ്യവും കല്പിതവുമായ തലങ്ങളുടെ മിശ്രണം വഴി യാഥാർത്ഥ്യത്തെ പ്രശ്നവൽക്കരിക്കുന്ന അതിപൂരിതയാഥാർത്ഥ്യമായി അവതരിപ്പിക്കുന്ന പോസ്റ്റ് മോഡേൺ രീതിയിൽ നിന്ന് റിയാലിറ്റി ഷോകളിലേക്കുള്ള മാറ്റവും ശ്രദ്ധേയമാണ്. യഥാർത്ഥ സംഭവങ്ങൾ, അനുഭവങ്ങൾ, വ്യക്തികൾ.. എന്നാൽ അതിന്റെ മാധ്യമാവിഷ്കാരം യാഥാർത്ഥ്യത്തിൽ നിന്ന് മാറ്റി മറ്റൊരു ദൃശ്യഅനുഭവമാക്കിത്തീർക്കുന്നു. ഹനാൻ, നൗഷാദ് ഓമനക്കുട്ടൻ.. കേരള ഹൗസ്... തുടങ്ങിയ മലയാളി ടി വി സോഷ്യൽ നെറ്റ് വർക്ക് ടെക്സ്റ്റുകൾ ഓർക്കുക. പ്രകടയാഥാർത്ഥ്യം..ഓമെന്റഡ് റിയാലിറ്റിയുടെ കാലം നോവലിൽ ചരിത്രം ഉപയോഗിക്കുന്നത് ഈ തലത്തിലാണ്.

ആധുനികാനന്തരയുടെ ഒരു താക്കോൽ വാക്ക് ഐറണി ആയിരുന്നു. എന്നാൽ പോസ്റ്റ് പോസ്റ്റ് മോഡേണിസം പോസ്റ്റ് ഐറണിക്കാലമാണ്, ഐറണിയിൽ നിന്ന് പുതുസത്യസന്ധത ഐറണിക് സിനിക്കൽ ആഖ്യാനങ്ങളിൽനിന്ന് മാറി ഗൗരവാവഹമായ ആത്മാർത്ഥ പ്രകടനങ്ങളിലേക്കുള്ള ഈ മാറ്റത്തെ ന്യൂ സിൻസിയാരിറ്റി എന്നുവിളിക്കാം.

**ഹോമറിക്ക് നരേഷന്റെ സ്വഭാവം**

സംഭവാഖ്യാനങ്ങൾക്കും പ്രത്യക്ഷകഥനങ്ങൾക്കും മുൻ തൂക്കമുള്ള സൂക്ഷ്മഭാഷയിൽ ശ്രദ്ധയില്ലാത്ത വാച്യമായ പറച്ചിലുകൾ. ഓറാലിറ്റിയുടെ സ്വാധീനം ഡിജിമോഡേനിസ്റ്റ് നോവൽ ആഖ്യാനങ്ങൾക്കു കാണാം. ബിബിക്കൽ കാവ്യാത്മക സൂക്ഷ്മസുന്ദരാഖ്യാനങ്ങളുടെ കാലം നോവലിൽ കഴിഞ്ഞു. അതിദീർഘവും തുറന്നതും അറ്റമില്ലാത്തതുമായ ആഖ്യാനങ്ങൾ എന്നാൽ ഓരോ എപ്പിസോഡും സ്വയം പൂർണമാണതാനും. കഥയുടെ അല്പം ബാക്കി അടുത്ത അധ്യായത്തിലേക്ക് കഥാപാത്രങ്ങൾ കൊണ്ടുപോകുന്നു. രണ്ടാമതൊരു വായന കാഴ്ച ഉദ്ദേശിക്കപ്പെടുന്നില്ലതാനും.

19 20 നൂറ്റാണ്ടുകളിലെ ബിബ്ലിക്കൽ പൊയറ്റിക് നറേഷന്റെ ആധിപത്യം പോസ്റ്റ് പോസ്റ്റ് മോഡേൺ കാലമാവുമ്പൊഴേക്കും അവസാനിക്കുന്നു. ഒരു പുതിയതരം റിയലിസത്തിന്റെ രണ്ടാം വരവ് എന്നു ചിലർ ഇതിനെ വിളിക്കുന്നു (“dirty realism,” “deep realism,” “spectacle realism,” “fiduciaryrealism,” and “hysterical realism.”) എന്നാൽ കഥാപാത്രങ്ങളുടെ മനോനിലകളുടെ അകത്തളങ്ങളിലേക്ക് വിസ്തരിച്ച് ആഖ്യാനം പോകുന്നില്ല. ക്ലാസ്സിക്ക് കൃതിയായി അഭിനയിക്കാൻ തയ്യറെടുത്ത സുഭാഷ് ചന്ദ്രന്റെ സമുദ്രശില പക്ഷേ പഴയ മോഡേണിസ്റ്റ് റൈറ്റിങ്ങിന്റെ ആത്മഭാവം പിന്തുടരുന്നതായിക്കാണാം.

ഹോമറിക് കഥനരീതി തിരിച്ചുവരുന്നു എന്നതാണ് ശ്രദ്ധേയം. കഥകളുടെ അനലംകൃതമായ ആഖ്യാനങ്ങൾ, ധ്വന്യാത്മകതയിൽ ഊന്നലില്ലാത്ത, കാവ്യാത്മകമല്ലാത്ത പ്രത്യക്ഷഭാഷ ഇവയൊക്കെ ഈ ആഖ്യാനങ്ങളുടെ സവിശേഷതയാണ്. ഡിജി മോഡേണിസ്റ്റ് ആഖ്യാനങ്ങളാവട്ടെ തുറന്നതും അവസാനമില്ലാത്തതുമാവുന്നു. ഓണ്വേഡ്നെസ്സ് നിലനിർത്തുന്നത് എന്നേ അർത്ഥമാക്കുന്നുള്ളൂ. നിശ്ചിതവും പൂർണവുമായ പാഠമല്ല. കൂട്ടിചേർക്കാവുന്നതും റീ ഓർഡർ ചെയ്യാവുന്നതും തുടർ

ആഖ്യാനങ്ങൾക്ക് സാധ്യതയുള്ളതും മറ്റൊരു ആഖ്യാനത്തിലേക്ക തുറക്കുന്നതും.എക്സ്റ്റൻഷനുകളുള്ളതുമായ ഒന്ന് . എന്നാൽ സീക്വൽ അല്ലതാനും... സ്റ്റാർ വാർ, കെജിഎഫ് ,ബാഹുബലി, ലൂസിഫർ തുടങ്ങിയ പോപ്പുലർ സിനിമാ സീരീസുകൾ നോക്കുക.

**നോവൽ ഇന്നും ഇനിയും.**

തോമസ് പിഞ്ചനെ പോലുള്ള ഒളിഞ്ഞിരിക്കുന്ന, നിഗൂഢവലയങ്ങളുള്ള പോസ്റ്റ് മോഡേൺ നോവലിസ്റ്റുകളുടെ കാലം കഴിഞ്ഞു. ഇന്ന് ആൾക്കൂട്ടങ്ങൾക്ക് ഉത്സവമാവുന്ന സെലിബ്രിറ്റി നോവലിസ്റ്റുകളുടെ കാലമാണ്. നോവൽ വായന പബ്ലിക്ക് ആവുന്നു, ലിറ്റററി ഫെസ്റ്റിവലുകളും കാർണിവലുകളുമുണ്ടാവുന്നു. ഒരു നെറ്റ് വർക്ക്ഡ് പബ്ലിക്കിനകത്താണ് ഇന്ന് സാഹിത്യം പ്രവർത്തിക്കുന്നത്.

നവോത്ഥാനം ആദ്യം സംഭവിച്ചത് ചിത്രശില്പകലയിലും ആർക്കിടെക്ച്ചറിലുമാണ് . ഷെയ്ക്സ്പിയറൊന്നും അന്ന ജനിച്ചിട്ടുപോലുമില്ല. ഗുട്ടൻ ബെർഗ് അച്ചടിയന്ത്രം കണ്ടുപിടിച്ചതോടെ അച്ചടിയിൽ തുടങ്ങി പതുക്കെയാണത് സാഹിത്യത്തിലേക്ക് വന്നത്. ഗുട്ടൻബെർഗ് അച്ചടിച്ചത് ബൈബിളായിരുന്നു. ഡിജിമോഡേണിസവും ആദ്യം സ്വാധീനിച്ചത് പബ്ലിഷിങ്ങ് ഇൻഡസ്ട്രിയിലാണ്. ബ്ലോഗിങ്ങ് ഓൺ ലൈൻ പ്രസാധനങ്ങൾ ആമസോൺ ഓൺ ലൈൻ ബുക്ക് വില്പന കിൻഡിൽ ഇ പബ് പ്രിന്റ് ഓൺ ഡിമാന്റ് .. പ്രസിദ്ധീകരണങ്ങളുടെ എണ്ണപ്പെരുക്കം അനായാസലഭ്യത സ്ഥലപരിമിതിയില്ലായ്മ വായനയുടെ പെരുക്കം പഴയകൃതികളുടെ ഡിജിറ്റൈസേഷൻ ഗൂഗിൾ ബുക്ക്സ് ആർകൈവ്ഡോട്ട് ഓർഗ് പോലുള്ള ആർക്കൈവുകൾ ..അങ്ങനെയങ്ങനെ

വായനയെ സാമൂഹിക ഉത്സവമാക്കി കാർണിവലാക്കിമാറ്റുകയാണ് ഡിജിമോഡേണിസം ചെയ്യുന്നത്. അതിന്റെ ചന്തത്തരത്തിലാണ് കവർ ഫോട്ടോയിൽ ഗ്ലാമറസ്സായ എഴുത്തുകാരികൾ കൂടുതൽ പോപ്പുലാരിറ്റി നേടുന്ന തുടങ്ങിയ നസ്യം പറച്ചിലുകൾ ഉണ്ടാവുന്നത്. ബുക്ക് റിലീസ് റീഡിങ്ങ് കോഫീ റ്റൈം സിഗ്നേച്ചർ ക്യാമ്പെയിൻ ലിറ്റററി ഫെസ്റ്റിവലുകൾ എല്ലാം ചേർന്ന് വായന ഉത്സവമാകുന്നു. ഇതിൽ ഏറ്റവും സെലിബ്രിറ്റി നോവലിസ്റ്റുകളാണെന്നതും ശ്രദ്ധിക്കണം. അതോടൊപ്പം വായനയും വിമർശനവും ഒരു കലക്റ്റീവ് പ്രാക്റ്റീസായി മാറിയിരിക്കുന്നു എന്ന ഗുണാത്മകവശവും പരാമർശിക്കാതെ വയ്യ.

വായനയും വിമർശനവും ഒരു കലക്റ്റീവ് പ്രാക്റ്റീസായി മാറിയിരിക്കുന്നു. എന്നാൽ ഒന്നുകൂടിയുണ്ട്. ഡിജിമോഡേണിസ്റ്റ് സാഹിത്യം വെറും ഹൈപ്പർടെക്സ്റ്റുകൾ ആയിരിക്കില്ല. തൊണ്ണൂറുകളിൽതന്നെ പ്രവചിച്ച ഹൈപ്പർടെക്സ്റ്റുകളുടെ കാലം സാഹിത്യത്തിൽ ഇനി ആധിപത്യമുറപ്പിക്കുമെന്ന കരുതാനാവില്ല.

**ഉപസംഹാരം**

ഹൈപ്പർ ടെക്സ്റ്റിൽനിന്ന് എർഗോട്ടിക് സാഹിത്യത്തിലേക്ക് തുടർന്ന് ഡിജിമോഡേണിസ്റ്റ് ടെക്സ്റ്റിലേക്കുള്ള വികാസം എന്ന ക്രമികമായി വിശദീകരിക്കാവുന്ന രീതിയിൽ ആധുനികാനന്തരാനന്തരഘട്ടത്തിന്റെ ചരിത്രത്തിന് വ്യക്തത വന്നിട്ടുണ്ട്. ഇന്ന് ഡിജിമോഡേണിസം ടെക്സ്റ്റ്വൽ ആയ ഒന്ന മാത്രമല്ല. അത് സാമൂഹികവും സാംസ്കാരികവും ചരിത്രപരവുമായ ഒന്നാണെന്നുകൂടി കൂട്ടിചേർക്കാം .

ആധുനികാനന്തരതയുടെ മൂന്ന പാഠഭേദങ്ങളായി വ്യാഖ്യാനിക്കപ്പെട്ട വി. എം. ദേവദാസിന്റെ മൂന്നുനോവലുകൾ (മേതിൽ രാധാകൃഷ്ണൻ, മനോജ് കുറൂർ, പിഎം. ഗിരീഷ് എന്നിവരുടെ അവതാരികകൾ ഈ കാഴ്ചപ്പാടാണ് അവതരിപ്പിക്കുന്നത്.) ഡിജി മോഡേണിസ്റ്റ് ഭാവുകത്വപരിസരത്തിൽനിന്ന് പുനർവായിക്കാനാവും. അത് വഴിയെ ആവാം.

## Reference:


Baudrillard, Jean. “History: A Retro Scenario” in Simulacra and Simulation, trans. Sheila Faria Glaser. Ann Arbor, MI: University of Michigan Press, 1994, pp. 43–48.

Crowther, Paul. Philosophy after Postmodernism: Civilized Values and the Scope of Knowledge. London: Routledge, 2003.

Kirby, Alan. Digimodernism: How New Technologies Dismantle the Postmodern and Reconfigure Our Culture (p. 265). Bloomsbury Publishing. Kindle Edition.

Devadas V M Pannivetta, D C Books, Kottayam, 2011.

Johnson, B. S. *The Unfortunates*. Picador, 1999.

Kirby, Alan. *Digimodernism: How New Technologies Dismantle the Postmodern and Reconfigure Our Culture*. 1st edition, Continuum, 2009.

Nealon, Jeffrey. *Post-Postmodernism: Or, The Cultural Logic of Just-in-Time Capitalism*. Stanford University Press, 2012.

Seidman, Steven. *The Postmodern Turn New Perspectives on Social Theory*. Cambridge University Press, 2010.

Stroud, James. The Philosophy of Art in the 21st Century: Post-postmodernism & the Gallery at Reverie (p. ix). Kindle Edition.

Taylor, Mark C. *The Moment of Complexity: Emerging Network Culture*. Nachdr., Univ. of Chicago Press, 2009.

Žižek, Slavoj. "Cyberspace, or, How to Traverse the Fantasy in the Age of the Retreat of the Big Other." *Public Culture*, vol. 10, no. 3, Sept. 1998, pp. 483–513.